പാഠം 4

# "യഹോവയുടെ കണ്ണുകൾ" – വേദപുസ്തകപരമായ ലോകദർശനം

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: സദൃശ. 15:3; ഇയ്യോബ് 12:7–10; എഫെ. 6:12; വെളി. 20:5,6; യോഹ. 1:1–14; മർക്കൊസ് 12:29–31**

**മനഃപാഠവാക്യം: "യഹോവയുടെ കണ്ണ് എല്ലാടവും ഉണ്ട്; ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു" (സദൃശ. 15:3).**

പോളണ്ടിലെ കവിയായ ചെസ്ലോ മിലോസ് ഒരു കവിത എഴുതി, അത് ആരംഭിച്ചത് സങ്കല്പത്തിലുള്ള മൃഗങ്ങളെക്കുറിച്ച് എഴുതിക്കൊണ്ടാണ്: സംസാരിക്കുന്ന മുയലുകൾ, സംസാരിക്കുന്ന അണ്ണാൻ തുടങ്ങിയവ. അവയ്ക്ക് "യഥാർത്ഥ മൃഗങ്ങളുമായി വളരെയധികം സാമ്യമുണ്ട്." അദ്ദേഹം എഴുതി, "ലോകത്തെക്കുറിച്ചുള്ള നമ്മുടെ ആശയങ്ങൾ യഥാർത്ഥ ലോകത്തിന്റേതുപോലെയാണ്." പിന്നീട്, പദ്യം അവസാനിപ്പിച്ചുകൊണ്ട് എഴുതി, "ഇതിനെക്കുറിച്ച് ചിന്തിച്ച് വിറയ്ക്കുക."

"വിറയ്ക്കുക" എന്നത് വളരെ കർക്കശമായ ഒരു വാക്കായിരിക്കാം, എന്നാൽ നിശ്ചയമായും മനുഷ്യർ ലോകത്തെക്കുറിച്ച് ചിന്തിക്കുന്നതിൽ അധികവും പൂർണ്ണമായി തെറ്റായിരിക്കാം. ഉദാഹരണത്തിന്, മിക്കവാറും രണ്ടായിരം വർഷങ്ങളോളം ലോകത്തിലെ ഏറ്റവും മിടുക്കന്മാരും നല്ല വിദ്യാഭ്യാസമുള്ളവരും ചിന്തിച്ചത് ഭൂമി പ്രപഞ്ചത്തിനു നടുവിൽ ചലനമില്ലാതെ ഇരിക്കയാണെന്നാണ്. ഇന്ന്, അനേകം മിടുക്കന്മാരും നല്ല വിദ്യാഭ്യാസമുള്ളവരും ചിന്തിക്കുന്നത് മനുഷ്യൻ ആദ്യമായി ഉരുത്തിരിഞ്ഞത് ഒരു ലഘുവായ ജീവരൂപത്തിൽനിന്നാണെന്നാണ്.

മനുഷ്യരെന്ന നിലയിൽ, നാം ഒരിക്കലും ലോകത്തെ നിഷ്പക്ഷമായ ഒരിടത്തുനിന്ന് നോക്കിക്കാണാറില്ല. നാം അതിനെ കാണുന്നത്, എപ്പോഴും അങ്ങനെ മാത്രവും, നമുക്കു ചുറ്റുമുള്ള ലോകത്തെ നാം എങ്ങനെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനെ സ്വാധീനിക്കുന്ന അരിപ്പകളിലൂടെയാണ്. ആ അരിപ്പയെ ലോകദർശനം എന്ന് വിളിക്കുന്നു, നാം നമ്മുടെ യുവജനങ്ങളെയും മുതിർന്ന സഭാംഗങ്ങളെപ്പോലും, വേദപുസ്തകപരമായ ലോകദർശനം പഠിപ്പിക്കുക എന്നത് വളരെ പ്രധാനമാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 24 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## യഹോവയുടെ കണ്ണുകൾ

നാമും, ഈ ലോകവും, നമുക്ക് ചുറ്റുമുള്ള സകലവും – അതിൽ ഒന്നും തന്നെ യഥാർത്ഥമല്ല എന്ന് ഒരു ഓക്സ്ഫോർഡ് സർവകലാശാല പ്രൊഫസ്സർ സൈദ്ധാന്തീകരിച്ചിട്ടുണ്ട് (സിദ്ധാന്തമായി രൂപീകരിച്ചിട്ടുണ്ട്). പകരം, അതിശക്തമായ കമ്പ്യൂട്ടറുകളുള്ള ഒരു വർഗ്ഗം അന്യഗ്രഹജീവികളുടെ സാങ്കേതിക സൃഷ്ടികളാണ് നാം.

അത് രസകരമായ ഒരു സിദ്ധാന്തം ആയിരിക്കുമ്പോൾ തന്നെ, അത് സുപ്രധാനമായ ഒരു ചോദ്യം ഉയർത്തുന്നു. യാഥാർത്ഥ്യത്തിന്റെ പ്രകൃതം എന്താണ്?

സാധ്യമായ രണ്ട് വിശാലമായ ഉത്തരങ്ങളുണ്ട്, അതിൽ ഒന്ന് മാത്രമേ യുക്തിക്ക് നിരക്കുന്നുള്ളൂ. ഒന്നാമത്തേത് പ്രപഞ്ചവും അതിൽ നാം ഉൾപ്പെട്ട സകലവും – അങ്ങനെ ആയിരിക്കുന്നു. യാതൊന്നും അതിനെ സൃഷ്ടിച്ചതല്ല. യാതൊന്നും അതിനെ രൂപപ്പെടുത്തിയതല്ല. അത് അങ്ങനെ ഇവിടെ ആയിരിക്കുന്നു. അത് വെറുതെ ഒരു മൃഗീയ വസ്തുതയാണ്: ദൈവമില്ല, ദിവ്യമായത് ഒന്നുമില്ല. യാഥാർത്ഥ്യം എന്നത് തികച്ചും ഭൗതികമാണ്, തികച്ചും സ്വാഭാവികം. ആരോ പറഞ്ഞതുപോലെ 2500 വർഷങ്ങൾക്ക് മുമ്പ് (ഇത് ഒരു പുതിയ ആശയമല്ല), “അണുക്കളും ശൂന്യതയും” മാത്രമേയുള്ളൂ.

അടുത്ത കാഴ്ചപ്പാട് ഏതോ ദിവ്യമായ ജീവി (അല്ലെങ്കിൽ ജീവികൾ) പ്രപഞ്ചത്തെ സൃഷ്ടിച്ചുവെന്നാണ്. അത് നിശ്ചയമായും യാതൊരു വിശദീകരണവും ഇല്ലാതെ പ്രപഞ്ചം അങ്ങനെ ഉള്ളതാകുന്നു എന്ന ആശയത്തെക്കാൾ കൂടുതൽ യുക്തിയുള്ളതും, ബുദ്ധിക്ക് നിരക്കുന്നതും, ഉചിതമായതുമാണ്. ഈ വിശദീകരണം സ്വാഭാവിക ലോകത്തെ ഉൾക്കൊള്ളുന്നു, “അണുക്കളുടെയും ശൂന്യതയുടെയും” ലോകം, എന്നാൽ അത് അതിൽ പരിമിതപ്പെടുന്നില്ല. ഇന്ന് നാം മിക്കവാറും കേൾക്കുന്ന നിരീശ്വര- ഭൗതിക കാഴ്ചപ്പാടിനെക്കാൾ കൂടുതൽ ബഹുമുഖവും, ആഴത്തിലുള്ളതും കൂടുതൽ വിശാലമായ ഒരു യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

**ഇന്നത്തെ പാഠത്തിൽ ഉയർന്നുവന്ന ആശയങ്ങളെക്കുറിച്ച് തുടർന്നുള്ള വാക്യങ്ങൾക്ക് എന്താണ് പറയുവാനുള്ളത്? സങ്കീ. 53:1; സദൃശ. 15:3; യോഹ. 3:16; യെശ. 45:21; ലൂക്കൊസ് 1:26–35.**

ഏത് ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെയും കേന്ദ്രം വെറുതെ ദൈവത്തെക്കുറിച്ച് എന്നതല്ല പിന്നെയോ അവൻ എങ്ങനെയുള്ള ഒരു ദൈവമായിരിക്കുന്നു എന്ന യാഥാർത്ഥ്യമാണ്. നമ്മെ സ്നേഹിക്കുകയും നമ്മോട് ഇടപെടുകയും ചെയ്യുന്ന വ്യക്തിപരമായ ഒരു ദൈവം – അവൻ അത്ഭുതങ്ങളുടെ ഒരു ദൈവമാണ്, പ്രകൃതിനിയമങ്ങൾ ഉപയോഗിക്കുമെങ്കിലും, ആ നിയമങ്ങളാൽ ബന്ധിക്കപ്പെടാത്തവൻ, അവന്റെ ഇച്ഛാനുസരണം ആ നിയമങ്ങൾക്ക് മീതെ പോകാവുന്നവൻ (യേശുവിന്റെ കന്യകാഗർഭം പോലെ). ഈ കാഴ്ചപ്പാട് നമ്മുടെ കാലത്ത് പഠിപ്പിക്കുന്നതിന് പ്രത്യേക പ്രസക്തിയുണ്ട്, കാരണം ബുദ്ധിപരമായ ലോകത്തിലെ വളരെയധികം പേരും തെറ്റായി അവകാശപ്പെടുന്നത് ശാസ്ത്രം അതിനെ പിന്താങ്ങുന്നുവെന്നാണ്; മറയില്ലാതെയും മനസ്താപമില്ലാതെയും നിരീശ്വരവും ഭൗതികവുമായ ലോക കാഴ്ചപ്പാടിനെ പഠിപ്പിക്കുന്നു.

## ലൈബ്നിസിന്റെ ചോദ്യം

അനേക വർഷങ്ങൾക്കുമുമ്പ്, ഒരു ജർമൻകാരനായ ചിന്തകനും എഴുത്തുകാരനുമായ ഗോട്ട്ഫ്രീഡ് വിൽഹെം ലൈബ്നിസ് ഒരുപക്ഷേ സാധ്യമായ ഏറ്റവും മൗലികവും അടിസ്ഥാനപരവുമായ ചോദ്യം ചോദിച്ചു: ഒന്നുമില്ലായ്മയ്ക്കു പകരം എന്തുകൊണ്ടാണ് എന്തെങ്കിലുമുള്ളത്?

**ലൈബ്നിസിന്റെ ചോദ്യത്തിന് തുടർന്നുള്ള വാക്യങ്ങൾ എങ്ങനെ ഉത്തരം നൽകുന്നു? ഉല്പത്തി 1:1; യോഹ. 1:1–4; പുറ. 20:8–11; വെളി. 14:6,7; ഇയ്യോബ് 12:7–10.**

വേദപുസ്തകത്തിൽ ദൈവത്തിന്റെ നിലനില്പ് സങ്കല്പിക്കപ്പെടുക മാത്രമാണ് എന്നത് രസകരമാണ്. ഉല്പത്തി 1:1 ദൈവത്തിന്റെ നിലനില്പിനെക്കുറിച്ചുള്ള ഒരു പറ്റം വാദഗതികളുമായി തുടങ്ങുന്നില്ല (അനേകം നിലനില്ക്കുന്നുണ്ടെങ്കിലും). അവന്റെ നിലനില്പിനെ അത് സങ്കല്പിക്കുക മാത്രമാണ് (പുറ. 3:13,14 ഉം കാണുക), ആ ആരംഭ സ്ഥാനത്തുനിന്ന്, സ്രഷ്ടാവായ ദൈവം, വേദപുസ്തകം, അതിന്റെ താളുകളിൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള എല്ലാ സത്യങ്ങളും വിശദമാക്കപ്പെടുന്നു.

സൃഷ്ടിപ്പ് എന്ന സിദ്ധാന്തവും ഏതൊരു ക്രിസ്തീയ വിദ്യാഭ്യാസത്തിനും അടിസ്ഥാനപരമാണ്. ക്രിസ്ത്യാനികളെന്ന നിലയ്ക്ക് നാം വിശ്വസിക്കുന്നതെല്ലാം ആറുദിന സൃഷ്ടിപ്പിന്റെ അടിസ്ഥാനത്തിലാണ് നിലകൊള്ളുന്നത്.

രണ്ടാം വരവിന്റെയോ, പുനരുത്ഥാനത്തിന്റെയോ, ക്രൂശിന്റെയോ, ന്യായപ്രമാണത്തിന്റെയോ, പാപപരിഹാരത്തിന്റെയോ ഒരു പ്രസ്താവനയുമായല്ല വേദപുസ്തകം ആരംഭിച്ചത്.

അല്ല, അത് ആരംഭിച്ചത് സ്രഷ്ടാവ് എന്ന നിലയിൽ ദൈവത്തെക്കുറിച്ചുള്ള പ്രസ്താവനയുമായാണ്, കാരണം സ്രഷ്ടാവെന്ന നിലയിൽ ദൈവം എന്ന യാഥാർത്ഥ്യം ഒഴികെ മറ്റ് ഒരു പഠിപ്പിക്കലിനും യാതൊരു അർത്ഥവുമില്ല.

ആയതിനാൽ, വീണ്ടും, ഒരു വേദപുസ്തകപരമായ ലോകദർശനം സൃഷ്ടിപ്പ് എന്ന സിദ്ധാന്തത്തിന്റെ പ്രാധാന്യത്തിന് ഊന്നൽ കൊടുക്കണം. ഈ ഊന്നലും വളരെ പ്രധാനമാകുന്നു, കാരണം ശാസ്ത്രത്തിന്റെ പേരിൽ ഈ പഠിപ്പിക്കൽ ഒരു സർവശക്തമായ ആക്രമണത്തിന് വിധേയമായിട്ടുണ്ട്. പരിണാമസിദ്ധാന്തം – കോടിക്കണക്കിന് വർഷങ്ങളിലെ ജീവൻ പൊട്ടും പൊടിയുമായി ആരംഭിക്കുന്നു, എല്ലാം യാദൃച്ഛികമായി – എണ്ണമറ്റ ജനങ്ങൾക്ക് വേദപുസ്തകത്തിലുള്ള വിശ്വാസം നശിച്ചു. ക്രിസ്തീയ വിശ്വാസത്തിനു പൊതുവായും വേദപുസ്തകത്തിനും പരിണാമസിദ്ധാന്തത്തെക്കാൾ കൂടുതൽ നിഷേധാത്മകമായ ഒരു പഠിപ്പിക്കൽ ഭാവന ചെയ്യാൻ തന്നെ പ്രയാസമാണ്. അതിനാലാണ് പരിണാമസിദ്ധാന്തം ഏതെങ്കിലും വിധത്തിൽ സൃഷ്ടിപ്പ് എന്ന വേദപുസ്തക സിദ്ധാന്തവുമായി ഒത്തുപോകും എന്ന ആശയം നിരീശ്വരവാദ പരിണാമത്തെക്കാൾ മോശമായിരിക്കുന്നത്. ക്രിസ്തീയ വിശ്വാസം ഒന്നാകെയും വേദപുസ്തകത്തെയും പരിഹാസ്യമാക്കാതെ, അത് ചെയ്യുവാൻ സാധ്യമല്ല.

**വേറെ ഒരു പഠിപ്പിക്കലിനും അവൻ ചോദിക്കാത്തതുപോലെ, ആറുദിന സൃഷ്ടിപ്പ് ഓർക്കുവാൻ നമ്മുടെ ജീവിതങ്ങളുടെ ഏഴിലൊന്ന് എല്ലാ ആഴ്ചയും ചിലവഴിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. ക്രിസ്തീയ ലോകദർശനത്തിന് ഈ വിശ്വാസപ്രമാണം എത്ര പ്രധാനവും അടിസ്ഥാനപരവുമാണെന്നതിനെക്കുറിച്ച് അത് നമ്മോട് എന്തു പറയണം?**

## വേദപുസ്തകപരമായ ലോകദർശനം

ആമുഖത്തിൽ പറഞ്ഞതുപോലെ, നാം ആരും തന്നെ നിഷ്പക്ഷമായി ലോകത്തെ ദർശിക്കുന്നില്ല. ഉദാഹരണത്തിന്, ഒരു നിരീശ്വരവാദി ആകാശത്തിൽ ഒരു മഴവില്ലിനെ നോക്കി ഒരു സ്വാഭാവിക പ്രതിഭാസം എന്നതല്ലാതെ മറ്റൊന്നും കാണുന്നില്ല. അതിന് മനുഷ്യൻ നൽകുവാൻ തീരുമാനിക്കുന്ന അർത്ഥമല്ലാതെ മറ്റൊന്നുമില്ല. ഇതിനു വിപരീതമായി, അതിനെ വേദപുസ്തകപരമായ ലോകദർശനത്തിലൂടെ നോക്കിക്കാണുന്ന ഒരാൾ സ്വാഭാവിക പ്രതിഭാസം മാത്രമല്ല കാണുന്നത്, വെളിച്ചവും വെള്ളവും തമ്മിലുള്ള പരസ്പര പ്രവർത്തനം, പിന്നെയോ ഇനിമേൽ വെള്ളത്താൽ ഭൂമിയെ നശിപ്പിക്കില്ല എന്ന ദൈവവാഗ്ദത്തത്തിന്റെ ആവർത്തിച്ചുള്ള സ്ഥിരീകരണമാണ് (ഉല്പത്തി 9:13–16). "മനുഷ്യരുമായുള്ള അവന്റെ ഉടമ്പടിയുടെ സൂചകമായി മേഘങ്ങളിൽ മനോഹരമായ മഴവില്ലിനെ തെറ്റുചെയ്യുന്ന അവന്റെ ജീവികൾക്കായുള്ള അവന്റെ അനുകമ്പയും താഴേത്തട്ടിലേക്ക് ഇറങ്ങിവരാനുള്ള ദൈവത്തിന്റെ മനസ്സും എത്ര മഹനീയം... വരുംതലമുറകളിലെ കുഞ്ഞുങ്ങൾ ആകാശം നിറഞ്ഞുനില്ക്കുന്ന ആ മഹത്തായ കമാനത്തിന്റെ അർത്ഥം ചോദിക്കുമ്പോൾ, അവരുടെ മാതാപിതാക്കൾ ജലപ്രളയത്തിന്റെ കഥ ആവർത്തിക്കുകയും, അത്യുന്നതനായവൻ ആ വില്ലിനെ വളച്ച് മേഘങ്ങളിൽ സ്ഥാപിച്ചത് വെള്ളം ഇനിമേലിൽ ഭൂമിയിൽ കവിഞ്ഞൊഴുകില്ല എന്നതിന്റെ ഉറപ്പാണ് എന്ന് പറയണമെന്നത് ദൈവത്തിന്റെ ഉദ്ദേശ്യമായിരുന്നു." – E. G. White, Patriarchs and Prophets, p. 106.

**നാം ആയിരിക്കുന്ന യാഥാർത്ഥ്യത്തെ മനസ്സിലാക്കുവാൻ നമ്മെ മെച്ചപ്പെട്ട രീതിയിൽ സഹായിക്കാൻ സാധ്യമാകുന്ന എന്ത് സത്യങ്ങളാണ് തുടർന്നുള്ള വാക്യങ്ങളിൽ കാണപ്പെടുന്നത്? എഫെ. 6:12; മർക്കൊസ് 13:7; റോമർ 5:8; 8:28; സഭാപ്രസംഗി 9:5; വെളി. 20:5,6.**

സെവെന്ത്-ഡേ അഡ്വെന്റിസ്റ്റുകാരെന്ന നിലയിൽ, വേദപുസ്തക പഠിപ്പിക്കലുകളോട് നാം ഉറപ്പായി ചേർന്നു നില്ക്കണം, കാരണം ലോകത്തെക്കുറിച്ച് മറ്റൊരു വിധത്തിലും നമുക്ക് അറിയാൻ കഴിയാത്ത അനേക കാര്യങ്ങൾ നമുക്കായി വിശദീകരിച്ചു തരുന്നു. ആയതിനാൽ, സകല ക്രിസ്തീയ വിദ്യാഭ്യാസവും ദൈവവചനത്തിൽ അടിസ്ഥാനപ്പെടുത്തിയതും വേരൂന്നിയതുമാകണം, ഇതിനു വിപരീതമായുള്ള ഏതൊരു ഉപദേശവും തള്ളിക്കളയണം.

**ജനങ്ങൾ വെച്ചുപുലർത്തുന്ന മറ്റ് വിശ്വാസങ്ങളെ എതിർക്കുന്ന വേദപുസ്തകത്തിലെ ചില പഠിപ്പിക്കലുകൾ എന്തെല്ലാമാണ്? നാം ദൈവവചനത്തോട് വിശ്വസ്തതയോടെ ചേർന്നു നില്ക്കണം എന്നത് എത്ര പ്രധാനമാണെന്നതിനെക്കുറിച്ച് ഈ വ്യത്യാസം നമ്മെ എന്തു പഠിപ്പിക്കണം?**

## വീണ്ടെടുപ്പുകാരനെ ആരാധിക്കുക

നമ്മുടെ വിശ്വാസത്തിന് സൃഷ്ടിപ്പിന്റെ വിശ്വാസപ്രമാണം എത്ര പ്രധാനമായിരിക്കുന്നുവോ, ഈ വിശ്വാസപ്രമാണം ഒറ്റയ്ക്കു പ്രത്യക്ഷപ്പെടുന്നില്ല, പ്രത്യേകിച്ച് പുതിയനിയമത്തിൽ. അത് മിക്കപ്പോഴും, ജോടിയായി, വേർപ്പെടുത്താനാവാത്ത വിധം കെട്ടുപിണഞ്ഞു കിടക്കുന്ന, വീണ്ടെടുപ്പിന്റെ വിശ്വാസപ്രമാണമാണ്. അതിന് കാരണം, വാസ്തവമായി, മരണത്താലും പാപത്താലും വീഴ്ച ഭവിച്ച ഒരു ലോകത്തിൽ, സൃഷ്ടിപ്പ് മാത്രമായി മതിയാകില്ല എന്നതാണ്. നാം ജീവിക്കുകയും, പോരാടുകയും, കഷ്ടതയനുഭവിക്കുകയും (നാം എല്ലാം അനുഭവിക്കുന്നു), അതിനുശേഷം - എന്ത്? നാം മരിക്കുന്നു, ആത്യന്തികമായി വഴിയോരത്ത് ചത്തുകിടക്കുന്ന മൃഗങ്ങളിൽനിന്നും ഒരു വ്യത്യാസവുമില്ലാതെ.

അത് എത്ര മഹത്വകരമാണ്?

ആയതിനാൽ, നമുക്ക്, നമ്മുടെ ലോകദർശനത്തെപ്പോലെതന്നെ, വീണ്ടെടുപ്പിന്റെ വിശ്വാസപ്രമാണവും പ്രധാനമാണ് - അതിനർത്ഥം ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റതുമായ യേശുക്രിസ്തുവാണ് നാം വിശ്വസിക്കുന്നതിന്റെ എല്ലാം കേന്ദ്രത്തിൽ.

**യോഹ. 1:1-14 വായിക്കുക. യേശു ആരായിരുന്നുവെന്നും അവൻ നമുക്കുവേണ്ടി എന്തു ചെയ്തു എന്നതിനെക്കുറിച്ചും ഈ വാക്യങ്ങൾ നമ്മോട് എന്ത് പറയുന്നു?**

ഒന്നാം ദൂതന്റെ ദൂതും നോക്കുക: "വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട് അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ എന്ന് അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു" (വെളി. 14:6,7). ശ്രദ്ധിക്കുക, ആ "നിത്യസുവിശേഷം" എന്നത് നേരിട്ട് സ്രഷ്ടാവായ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മെ സൃഷ്ടിച്ച അതേ ദൈവം തന്നെയാണ് മനുഷ്യരൂപത്തിൽ നമ്മുടെ പാപങ്ങളെല്ലാം അവന്റെ മേൽ വഹിച്ച് ശിക്ഷയേറ്റത് എന്ന് തിരിച്ചറിയുമ്പോൾ - നാം അവനെ ആരാധിക്കാനായി വിളിക്കപ്പെട്ടതിൽ ആശ്ചര്യമില്ല. നമ്മുടെ ദൈവം യഥാർത്ഥത്തിൽ എങ്ങനെയാണെന്ന് തിരിച്ചറിയുമ്പോൾ നമ്മിൽനിന്ന് മറ്റ് എന്ത് പ്രതികരണമാണ് ഉണ്ടാകേണ്ടത്?

ഈ കാരണത്താൽ, ക്രിസ്തുവും അവന്റെ ക്രൂശീകരണവുമാകണം നാം പഠിപ്പിക്കുന്നതിന്റെയെല്ലാം ഒന്നാമതും കേന്ദ്രവും - വാസ്തവത്തിൽ, രണ്ടാം വരവും ഉൾപ്പെടെ. കാരണം, ക്രിസ്തുവിന്റെ രണ്ടാം വരവില്ലാതെ ഒന്നാം വരവുകൊണ്ട് നമുക്ക് വലിയ പ്രയോജനമൊന്നുമില്ല, അല്ലേ? തിരുവെഴുത്തിൽനിന്ന് ഒരുവന് ഇങ്ങനെയും വാദിക്കാം, ഒരേ സംഭവത്തിന്റെ - രക്ഷാപദ്ധതിയുടെ - രണ്ടു ഭാഗങ്ങളാണ് ക്രിസ്തുവിന്റെ ഒന്നും രണ്ടും വരവുകൾ

**യോഹന്നാൻ 1 ൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയത്തെക്കുറിച്ച് കൂടുതൽ സംസാരിക്കുക, "ഉളവായതൊന്നും" (യോഹ. 1:3) അവനെ കൂടാതെ ഉളവായതല്ല, അവൻ തന്നെയാണ് നമുക്കുവേണ്ടി ക്രൂശിൽ മരിച്ചതും. എന്തുകൊണ്ടാണ് ആരാധന നമ്മെ പൂർണ്ണമായി കീഴ്പ്പെടുത്തുന്ന സ്വാഭാവിക പ്രതികരണമായിരിക്കേണ്ടത്?**

## ദൈവത്തിന്റെ ന്യായപ്രമാണം

വർഷങ്ങൾക്കുമുമ്പ്, ഫ്രാൻസിൽ, രാഷ്ട്രം മരണശിക്ഷയെക്കുറിച്ചുള്ള തർക്കത്തിലായിരുന്നു: അത് നിർമാർജനം ചെയ്യണോ? അത് ഇല്ലായ്മ ചെയ്യണം എന്ന് വാദിച്ചവർ ഒരു പ്രശസ്തനായ ഫ്രെഞ്ച് എഴുത്തുകാരനും തത്വജ്ഞാനിയുമായ മൈക്കിൾ ഫോക്കോൾട്ടിനെ സമീപിച്ച് അവർക്കുവേണ്ടി ഒരു പത്രാധിപലേഖനം എഴുതണം എന്ന് ആവശ്യപ്പെട്ടു. എന്നിരുന്നാലും അവൻ ചെയ്തത് മരണശിക്ഷ നിർമാർജനം ചെയ്യണമെന്ന് മാത്രമല്ല കാരാഗൃഹവ്യവസ്ഥ തന്നെ പൂർണ്ണമായി നിർമാർജനം ചെയ്യുകയും തടവുകാരെയെല്ലാം വെറുതെ വിടണമെന്നും ആവശ്യപ്പെടുകയും ചെയ്തു. എന്തുകൊണ്ട്? കാരണം മൈക്കിൾ ഫോക്കോൾട്ടിനെ സംബന്ധിച്ച് ധാർമ്മികതയുടെ എല്ലാ വ്യവസ്ഥകളും മനുഷ്യനിർമ്മിതമായിരുന്നു, ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ അധികാരത്തിലുള്ള ക്രമീകരിച്ച മാനുഷിക ആശയങ്ങൾ. ആയതിനാൽ, ഈ ധാർമ്മിക ചട്ടങ്ങൾക്ക് ശരിയായ നിയമസാധുത ഉണ്ടായിരുന്നില്ല. അവന്റെ നിലപാട് എത്ര തീവ്രമായിരുന്നാലും, നാം ഇവിടെ കാണുന്നത്, അത്ര പുതിയതല്ലാത്ത ഒരു പ്രശ്നത്തിന്റെ യുക്തമായ പരിണത ഫലമാണ്. ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് മോശെ ഇത് പുരാതന ഇസ്രായേലിൽ കൈകാര്യം ചെയ്തു. “നാം ഇന്ന് ഇവിടെ ഓരോരുത്തൻ താന്താനു ബോധിച്ച പ്രകാരമൊക്കെയും ചെയ്യുന്നതുപോലെ നിങ്ങൾ ചെയ്യരുത്” (ആവ. 12:8; ന്യായാ. 17:6–20; സദൃശ. 12:15–20 കാണുക).

എന്നിരുന്നാലും, നമ്മുടെ തന്നെ കണ്ണുകളിൽ ശരിയെന്ന് തോന്നുന്നത് നാം ചെയ്തുകൂടാ എങ്കിൽ – അതായത്, നാം സ്വയം നീതിയോ, വിശുദ്ധിയോ, ധാർമ്മികമായി ശരി ഏതെന്ന് കൃത്യമായി അറിയില്ല എങ്കിലോ – പിന്നെ എന്ത് ചെയ്യണമെന്ന് നാം എങ്ങനെ അറിയും? നിശ്ചയമായും, ഉത്തരം, നമ്മെ സൃഷ്ടിച്ച ദൈവം നമുക്ക് ജീവിക്കാനായി ഒരു ധാർമ്മിക ചട്ടവും തന്നു എന്നാണ്. ഒരുപക്ഷേ നമ്മുടെ കണ്ണുകൾക്ക് അത് ശരിയായി ലഭിക്കില്ലായിരിക്കാം, എന്നാൽ ദൈവത്തിന്റെ കണ്ണുകൾക്ക് ആകും.

**ധാർമ്മിക പെരുമാറ്റത്തെക്കുറിച്ച് ഈ വാക്യങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു? ആവ. 6:5; മർക്കൊസ് 12:29–31; വെളി. 14:12.**

നമ്മുടെ ക്രിസ്തീയ ലോകദർശനത്തിന് നാം വീണ്ടെടുപ്പ് കേന്ദ്രമാക്കുകയാണെങ്കിൽ, അപ്പോൾ (നാം കഴിഞ്ഞ ആഴ്ച കണ്ടതുപോലെ) ദൈവത്തിന്റെ ന്യായപ്രമാണം, പത്തു കല്പനകളും കേന്ദ്രമായിരിക്കണം. എന്തായാലും, പാപത്തിൽ നിന്നല്ലെങ്കിൽ പിന്നെ നാം എന്തിൽനിന്നാണ് വീണ്ടെടുക്കപ്പെട്ടിരിക്കുന്നത്, പാപമാകട്ടെ കല്പനാലംഘനവും (റോമർ 3:20)? ദൈവത്തിന്റെ ന്യായപ്രമാണം ഇല്ല എങ്കിൽ സുവിശേഷത്തിന് യാതൊരു അർത്ഥവുമില്ല, അതിനാലാണ് നമുക്ക് ഇപ്പോഴും ന്യായപ്രമാണം ബാധകമാണെന്നതിനുള്ള ഒരു കാരണം, അതിനു നമ്മെ രക്ഷിക്കാൻ കഴിവില്ലാഞ്ഞിട്ടുകൂടി (അതിനാലാണ് നമുക്ക് സുവിശേഷം ആവശ്യമായി വരുന്നത്).

അതിനാൽ, എല്ലാ സെവെന്ത്-ഡേ അഡ്വെന്റിസ്റ്റ് വിദ്യാഭ്യാസവും എലൻ ജി. വൈറ്റ് പറഞ്ഞ “ന്യായപ്രമാണത്തിന്റെ നിത്യത” (വൻപോരാട്ടം, പേജ് 63) ഊന്നിപ്പറയണം, അതിൽ ശബ്ബത്തും ഉൾപ്പെട്ടിരിക്കുന്നു. ഈ ജീവിതത്തിൽ കഴിയാവുന്നിടത്തോളം ദൈവത്തിന്റെ സ്വരൂപം പുനഃസ്ഥാപിക്കാൻ വിദ്യാഭ്യാസം സഹായിക്കണമെങ്കിൽ, ഏറ്റവും താഴേത്തട്ടിൽ പോലും ദൈവത്തിന്റെ ന്യായപ്രമാണം ഉയർത്തിപ്പിടിക്കണം, ക്രിസ്തുവിന്റെ മാതൃകയുടെ വെളിച്ചത്തിൽ, ദൈവത്തിന്റെ കണ്ണുകളിൽ യഥാർത്ഥത്തിൽ ശരിയേതെന്ന് നമ്മെ കാണിക്കുന്ന ധാർമ്മിക ചട്ടം പോലെ.

## കൂടുതൽ ചിന്ത

"വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം ആത്മാവിൽ ദൈവത്തിന്റെ സ്വരൂപം പുനഃസ്ഥാപിക്കുക എന്നതാണ്" - E. G. White, Patriarchs and Prophets, p. 595. ഈ ആശയം മനസ്സിൽ വെച്ചുകൊണ്ട്, എന്തുകൊണ്ടാണ് അഡ്വെന്റിസ്റ്റ് വിദ്യാഭ്യാസത്തിന് ഒരു ശക്തമായ ക്രിസ്തീയ ലോകദർശനം ആവശ്യമായിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. എന്തായാലും, നാം നേരത്തെ ശ്രദ്ധിച്ചതുപോലെ, ഏതിലെങ്കിലുമോ എന്തിനെക്കുറിച്ചെങ്കിലുമോ മാത്രമുള്ള വിദ്യാഭ്യാസം അത്ര നല്ലതല്ല. മനുഷ്യർക്ക് വിദ്യാഭ്യാസം ചെയ്യാൻ കഴിയും, ഉന്നതമായ വിദ്യാഭ്യാസം പോലും വേദപുസ്തകത്തിൽ കാണപ്പെടുന്ന തത്വങ്ങൾക്ക് വിരുദ്ധമായുള്ള മനോഭാവങ്ങളിലും ആശയങ്ങളിലുമുള്ള വിദ്യാഭ്യാസമാണ്. അതുകൊണ്ടാണ്, സെവെന്ത്-ഡേ അഡ്വെന്റിസ്റ്റുകാരെന്ന നിലയിൽ, നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം ക്രിസ്തീയ ലോകദർശനത്തിൽ അടിസ്ഥാനപ്പെടുത്തിയത് ആയിരിക്കേണ്ടത്. അങ്ങനെയാകുമ്പോൾ, ഇതിനർത്ഥം, സംസ്കാരം, ധാർമ്മികത, ചരിത്രം, ശാസ്ത്രം എന്നിങ്ങനെ വിദ്യാഭ്യാസത്തിന്റെ എല്ലാ പൊതുമേഖലകളും ആ കാഴ്ചപ്പാടിൽനിന്ന് പഠിപ്പിക്കപ്പെടാം. ഇതിനെതിരെ അതിന് വിരുദ്ധമായുള്ളതോ വെറുതെ അവഗണിക്കുകയോ ചെയ്യുന്നവയെ പഠിപ്പിക്കില്ല. കൂടാതെ, മുൻപു പറഞ്ഞതുപോലെ എന്നാൽ ആവർത്തന യോഗ്യമായത്: നിഷ്പക്ഷമായ കാഴ്ചപ്പാട് എന്നൊന്നില്ല; ജീവിതം മുഴുവൻ, യാഥാർത്ഥ്യം മുഴുവൻ, ഒരുവന്റെ ലോകദർശനത്തിന്റെ അരിപ്പയിലൂടെയാണ് ദർശിക്കപ്പെടുന്നത്, ആ ലോകദർശനം ചിട്ടയോടും ശക്തമായും ആലോചിച്ചെടുത്തതാണെങ്കിലും അല്ലെങ്കിലും. അതിനാൽ, സകല സെവെന്ത്-ഡേ അഡ്വെന്റിസ്റ്റ് വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാനം വേദപുസ്തകപരമായ ലോകദർശനം ആയിരിക്കേണ്ടത് ആവശ്യമാണ്.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

12. **ഈയാഴ്ചയിലെ പാഠം ക്രിസ്തീയ ലോകദർശനത്തിന്റെ ചില പ്രധാന കാര്യങ്ങൾ നോക്കിക്കണ്ടു: ദൈവത്തിന്റെ നിലനില്പ്, സൃഷ്ടിപ്പ്, വേദപുസ്തകം, രക്ഷാപദ്ധതി, ദൈവത്തിന്റെ ന്യായപ്രമാണം. ഒരു ക്രിസ്തീയ ലോകദർശനത്തിന്റെ ഏത് സമ്പൂർണ രൂപീകരണത്തിനും മറ്റ് എന്ത് പ്രധാന ഘടകങ്ങൾ ഉൾപ്പെടുത്തണം?**

2. **ഒരു 18-ാം നൂറ്റാണ്ട് ചിന്തകൻ ഒരിക്കൽ എഴുതി: "ഓ മനഃസാക്ഷി! മനഃസാക്ഷി! നീ ദിവ്യമായ ജന്മവാസന, നീ പരിമിതിയുള്ളവന്റെയും അജ്ഞന്റെയും ഉറപ്പായ വഴികാട്ടി, നീ ബുദ്ധിയുള്ളതും സ്വതന്ത്രവുമായ ജീവി – നീ നന്മയുടെയും തിന്മയുടെയും അപ്രമാദിത്വമുള്ള ന്യായാധിപതി, മനുഷ്യനെ ദേവതുല്യനാക്കുന്നവൻ" – ആ ചിന്താഗതിയുടെ തെറ്റും ശരിയും എന്താണ്?**

3. **ഈ എലൻ ജി. വൈറ്റ് പ്രസ്താവന ഒന്നുകൂടി നോക്കുക: "വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം ആത്മാവിൽ ദൈവത്തിന്റെ സ്വരൂപം പുനഃസ്ഥാപിക്കുക എന്നതാണ്." അതിന്റെ അർത്ഥം എന്താണ്? ലോകം തന്നെ വിദ്യാഭ്യാസത്തെ ദർശിക്കുന്നതിൽനിന്ന് എന്തുകൊണ്ട് അഡ്വെന്റിസ്റ്റ് വിദ്യാഭ്യാസം വളരെ വ്യത്യസ്തമായിരിക്കണമെന്ന് ഇത് നമ്മെ എങ്ങനെ കാണിക്കുന്നു?**

* * *